**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ. പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ. പ്രവൃത്തികളായ കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡിന്റെയും, പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും നിർമ്മാണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ പ്രവർത്തികളായ കിള്ളി ഇ.എം.എസ് അക്കാഡമി റോഡിൻറെയും പൊട്ടൻക്കാവ് നെല്ലിക്കാട് റോഡിൻറെയും നിർമ്മാണത്തിനായി 15/06/2024 തീയതിയിൽ കരാറിൽ ഏർപ്പെട്ടുകയും, 25/06/2024 തീയതിയിൽ കരാറുകാരന് സ്ഥലം കൈമാറി നൽകുകയും ചെയ്തു.<br><br>കിള്ളി-ഇ.എം.എസ് അക്കാഡമി റോഡിലെ FDR പ്രവൃത്തി 80% ന്റ മേൽ പൂർത്തീകരിച്ചു. BC ഓവർലേ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റീറ്റെയിനിംഗ് വാൾ നിർമ്മാണവും പുരോഗമിക്കുന്നു. റോഡിൻെറ നിർമ്മാണം നിർമ്മാണ കാലാവധിയായ 24.06.2025-നുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പൊട്ടൻകാവ് – നെല്ലിക്കാട് – ചീനിവിള – മുണ്ടുകോണം കണ്ടല റോഡ് FDR രീതിയിൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ 90 % പൂർത്തീകരിച്ചു. KSEB കാട്ടാക്കട സെക്ഷന്റെ ഷിഫ്റ്റിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മറ്റ് രണ്ട് സെക്ഷന്റെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് KSEB അധികൃതർ അറിയിക്കുകയുണ്ടായി. മാറനല്ലൂർ സെക്ഷന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി ടെണ്ടർ നടപടികൾ നടന്നു വരുന്നു എന്ന് KSEB അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കു വേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തർക്കം നിലനിന്ന സ്ഥലങ്ങളിൽ കല്ലിടുകയും കല്ലിട്ട അലൈൻമെന്റ് സ്കെച്ച് LAO യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം കുറവുള്ള ഭാഗങ്ങൾ ഒഴിച്ച് ബാക്കി ഭാഗങ്ങളിൽ FDR പ്രവൃത്തി ആരംഭിക്കാൻ വേണ്ട നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിയ്ക്കാനാകുമെന്നും പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെ എൽ.എ. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.) എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് കെ.ആർ.എഫ്.ബി. സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ പ്രവർത്തികളായ കിള്ളി ഇ.എം.എസ് അക്കാഡമി റോഡിൻറെയും പൊട്ടൻക്കാവ് നെല്ലിക്കാട് റോഡിൻറെയും നിർമ്മാണത്തിനായി 15/06/2024 തീയതിയിൽ കരാറിൽ ഏർപ്പെട്ടുകയും, 25/06/2024 തീയതിയിൽ കരാറുകാരന് സ്ഥലം കൈമാറി നൽകുകയും ചെയ്തു.<br><br>കിള്ളി-ഇ.എം.എസ് അക്കാഡമി റോഡിലെ FDR പ്രവൃത്തി 80% ന മേൽ പൂർത്തീകരിച്ചു. BC ഓവർലേ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റീറ്റെയിനിംഗ് വാൾ നിർമ്മാണവും പുരോഗമിക്കുന്നു. റോഡിൻെറ നിർമ്മാണം നിർമ്മാണ കാലാവധിയായ 24.06.2025-നുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പൊട്ടൻകാവ് – നെല്ലിക്കാട് – ചീനിവിള – മുണ്ടുകോണം കണ്ടല റോഡ് FDR രീതിയിൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ 90 % പൂർത്തീകരിച്ചു. KSEB കാട്ടാക്കട സെക്ഷന്റെ ഷിഫ്റ്റിംഗ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മറ്റ് രണ്ട് സെക്ഷന്റെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് KSEB അധികൃതർ അറിയിക്കുകയുണ്ടായി. മാറനല്ലൂർ സെക്ഷന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി ടെണ്ടർ നടപടികൾ നടന്നു വരുന്നു എന്ന് KSEB അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കു വേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തർക്കം നിലനിന്ന സ്ഥലങ്ങളിൽ കല്ലിടുകയും കല്ലിട്ട അലൈൻമെന്റ് സ്കെച്ച് LAO യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം കുറവുള്ള ഭാഗങ്ങൾ ഒഴിച്ച് ബാക്കി ഭാഗങ്ങളിൽ FDR പ്രവൃത്തി ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ